പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1536 — 14.12.2012-ൽ മറുപടിക്ക്

മാലിന്യ സംസ്കരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ചാലക്കുടി മുനിസിപ്പാലിറ്റി വാങ്ങിയ സ്ഥലത്ത് മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി മുനിസിപ്പാലിറ്റി വൻതോതിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ചാലക്കുടി നഗരസഭ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി അക്വയർ ചെയ്ത സ്ഥലത്ത് നിലവിൽ വൻ തോതിൽ മാലിന്യം നിക്ഷേപിക്കുന്നില്ല. ടി സ്ഥലത്ത് നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾ (സേവനശ്രീ) മുഖാന്തിരം ഉറവിടങ്ങളിൽ നിന്നും തരംതിരിച്ചു ശേഖരിച്ച പ്ളാസ്റ്റിക് ക്യാരിബാഗുകളും, മറ്റു പ്ലാസ്റ്റിക് സാധനങ്ങളും പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന കമ്പനികൾക്ക് നൽകുന്നതിനായി ഈ സ്ഥലത്ത് ശേഖരിച്ചു വയ്ക്കുക മാത്രമാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. 2012 നവംബർ മാസത്തിൽ, നിലവിലുണ്ടായിരുന്ന പ്ലാസ്റ്റിക്ശേഖരണം അവിടെ നിന്നും പൂർണ്ണമായി നീക്കം ചെയ്തിട്ടുണ്ട്. |
| ബി) ചാലക്കുടി മുനിസിപ്പൽ അതിർത്തിയിൽ പകർച്ചപ്പനി വ്യാപകമായി പടർന്നു പിടിച്ച സാഹചര്യത്തിൽ, പ്രസ്തുത സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത്തടയുന്നതിനും, ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) പ്രസ്തുത സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നില്ല. നഗരസഭയിലെ മറ്റൊരു പ്രദേശത്ത് പകർച്ചപനി ഉണ്ടായിരുന്നത് നഗരസഭ സമയോചിതമായി ഇടപെട്ട് ശുചീകരണബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയതിനാൽ വ്യാപകമായി പടർന്നുപിടിച്ചില്ല. തുടർന്നും മാലിന്യസംസ്കരണ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി നഗരസഭ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ